I/425075/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിട്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ്**

**(സ്യൂട്ട്-കേരള)**

നമ്പർ: SUIIT/130/2023-CT തീയതി: 25-07-2023

**പരിപത്രം**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - സ്യൂട്ട്-കേരള, കഴക്കൂട്ടം - കേന്ദ്ര സർക്കാരിന്റെ നൈപുണ്യവികസനവും സംരംഭകത്വവും മന്ത്രാലയം അവതരിപ്പിക്കുന്ന നാഷണൽ അവാർഡ് ഫോർ എക്സലൻസ് ഇൻ വൊക്കേഷണൽ ട്രെയിനിംഗ് & എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് - നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. എം.എസ്.ഡി.ഇ സീനിയർ എക്കണോമിക് അഡ്വൈസറുടെ 20.07.2023-ലെ കത്ത്

2. 21/07/2023-ലെ DIRECTOR, TC SECTION, DGT-യുടെ ഇ-മെയിൽ സന്ദേശം

സൂചനകൾ കാണുക (പകർപ്പുകൾ ഉൾക്കൊള്ളിക്കുന്നു). കേന്ദ്ര സർക്കാരിന്റെ നൈപുണ്യവികസനവും സംരംഭകത്വവും മന്ത്രാലയം അവതരിപ്പിക്കുന്ന നാഷണൽ അവാർഡ് ഫോർ എക്സലൻസ് ഇൻ വൊക്കേഷണൽ ട്രെയിനിംഗ് & എൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റിനു പരിഗണിക്കപ്പെടുന്നതിനു ഐ.റ്റി.ഐകളിലെ ട്രേഡ് ഇൻസ്ട്രക്ടർമാരുടെ നാമനിർദ്ദേശങ്ങൾ ക്ഷണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച എം.എസ്.ഡി.ഇ-ൽ നിന്നുള്ള വിജ്ഞാപനത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഉള്ളടക്കം ചെയ്യുന്നു. കാറ്റഗറി II-ൽ ഉൾപ്പെടുത്തിയാണ് ഐ.ടി.ഐകളിൽ നിന്നുള്ള ഇന്സ്ട്രക്ടർമാരെ അവാർഡിനായി പരിഗണിക്കുന്നത്. ടി കാറ്റഗറിയിൽ അവാർഡിനായി ഐ.റ്റി.ഐ പരിശീലകരെ പരിഗണിക്കുന്ന 08 ഉപവിഭാഗങ്ങൾ ചുവടെ പറയുന്നവയാണ്.

**<u>Category II: Best Skill Trainers – Long Term Training (08 Awards)</u>**

- Sub Category (i): Best Skill Trainer in top 5 trades (04 Awards)
- Sub Category (ii):Best Skill Trainer in Remaining Engineering trades (01 Award)
- Sub Category (iii):Best Skill Trainer in Remaining Non-Engineering trades (01 Award)
- Sub Category (iv):Best Skill Trainer Divyang trades (01 Award)
- Sub Category (v):Best Skill Trainer New Age Courses (01 Award)

അവാർഡിന് അർഹരാകുന്ന ഉദ്യോഗസ്ഥർക്ക് അൻപതിനായിരം രൂപ വീതം ക്യാഷ് പ്രൈസും മെഡലും സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. ഐ.റ്റി.ഐകളിൽ ഇൻസ്ട്രക്ടർ തസ്തികയിൽ റഗുലർ നിയമനം ലഭ്യമായി അഞ്ചു വർഷം സേവനം പൂർത്തിയാക്കിയതും, 30/07/2023-ൽ 55 വയസ്സ് തികയാത്തവരുമായ ജീവനക്കാരെ അവാർഡിനായി പരിഗണിക്കാവുന്നതാണ്. വിജിലൻസ് / വകുപ്പുതല അച്ചടക്ക നടപടികൾ നേരിടുന്ന ജീവനക്കാരെ അവാർഡിന് നാമനിർദ്ദേശം ചെയ്യുന്നതല്ല.

ഈ സാഹചര്യത്തിൽ, അവാർഡിനായി നാമനിർദ്ദേശം ചെയ്യുന്നതിന് താങ്കളുടെ സ്ഥാപനത്തിൽ യോഗ്യരായ ജീവനക്കാരെ അടിയന്തിരമായി കണ്ടെത്തി ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ (അനക്സർ-3) നാമനിർദ്ദേശങ്ങൾ തയ്യാറാക്കി 28/07/2023-നു 5.00 pm നു മുന്പായി ഈ കാര്യാലയത്തിൽ suiitkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ടി ജീവനക്കാരെ അവാർഡിനായി പരിഗണിക്കുന്നതിന് കാരണമായ സംഭാവനകളെയും നേട്ടങ്ങളെയും കുറിച്ചുള്ള 800 വാക്കുകളിൽ കുറയാതെയുള്ള വിവരണവും ഇതോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. സംസ്ഥാനത്ത് നിന്നും പരമാവധി 5 ജീവനക്കാരെയാണ് അവാർഡിനായി സ്റ്റേറ്റ് ഡയറക്ടർക്ക് ശുപാർശ ചെയ്യാൻ കഴിയുന്നത്. ട്രെയിനിംഗ് ഡയറക്ടർക്ക് ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും സംസ്ഥാനതല സ്ക്രൂട്ടിനി കമ്മറ്റി മെറിറ്റ് അടിസ്ഥാനമാക്കി തിരഞ്ഞെടുക്കുന്ന 5 ഇൻസ്ട്രക്ടർമാർ ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുന്ന ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് എം.എസ്.ഡി.ഇ പോർട്ടലിൽ നേരിട്ട് രജിസ്റ്റർ ചെയ്തു അപേക്ഷ ഓൺലൈനായി തയ്യാറാക്കി അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്തു വീണ്ടും പരിശോധനക്കായി സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം ഇൻസ്ട്രക്ടർ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ കൂടി പരിശോധിച്ച് നടപടികൾ പൂർത്തിയാക്കി 30.07.2023-നു മുന്പായി അവാർഡിനുള്ള നാമനിർദ്ദേശങ്ങൾ DGT-ക്ക് സമർപ്പിക്കുന്നതാണ്.

ഇതോടൊപ്പം ചേർക്കുന്ന വിജ്ഞാപനം, പരിപത്രത്തിന്റെ പകർപ്പ്, അനുബന്ധങ്ങൾ എന്നിവ സഹിതം വർധിച്ച പ്രാധാന്യത്തോടെ താങ്കളുടെ സ്ഥാപനത്തിലുള്ള മുഴുവൻ ഇൻസ്ട്രക്ടർമാർക്കും സർക്കുലേറ്റ് ചെയ്യേണ്ടതും സ്റ്റാഫ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാണ്.

നാമനിർദ്ദേശം സമർപ്പിക്കുന്നതിനുള്ള സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്. അവസാന തീയതിക്ക് ശേഷം സമർപ്പിക്കുന്ന നാമനിർദ്ദേശങ്ങൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഒപ്പ്

**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ് :

I/425075/2023

1. ജോയിന്റ് ഡയറക്ടർ, ആർ.ഡി.റ്റി, കണ്ണൂർ (ആമുഖ കത്ത് സഹിതം)
2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
3. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ് :

1. ജെ.എ.എ (സി), ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്, വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു
2. കരുതൽ ഫയൽ

അംഗീകാരത്തോടെ

സ്പെഷ്യൽ ഓഫീസർ